ദേശാഭിമാനി

20 June 2023

# സമുദ്രോൽപ്പന്ന ലഭ്യത മെച്ചപ്പെടുത്താൻ സിഎംഎഫ്ആർഐ

**കൊച്ചി**

സിഫുഡ് കയറ്റുമതിയിൽ നേട്ടം കൊയ്യാൻ കേരളതീരത്തുനിന്ന് പിടിക്കുന്ന സമുദ്രസമ്പത്തിന്റെ സുസ്ഥിരത മെച്ചപ്പെടുത്താനൊരുങ്ങി സിഎംഎഫ്ആർഐ. ട്രോൾവല ഉപയോഗിച്ച് പിടിക്കുന്ന പതിനൊന്നിനം ചെമ്മീൻ, കണവ, കൂന്തൽ ശാസ്ത്രീയമായി പിടിക്കുന്നതിന് സിഎംഎഫ്ആർഐ മുൻകൈയെടുക്കും.

കരിക്കാടി, പൂവാലൻ, ആഴക്കടൽ ചെമ്മീനുകൾ, കൂന്തൽ, കണവ, നീരാളി, പാമ്പാട, കിളിമീൻ എന്നിവയുടെ സ്ഥിതിവിവരക്കണക്കുകളും ലഭ്യതയും ആരോഗ്യാവസ്ഥയും തിട്ടപ്പെടുത്തി. പിടിക്കാവുന്നതിന്റെ അളവ് കണക്കാക്കാൻ സിഎംഎഫ്ആർഐ എസ്ഇഎഐയുമായി ചേർന്ന് കൺസൾട്ടൻസി ആരംഭിക്കും. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണനും എസ്ഇഎഐക്കുവേണ്ടി എ ജെ തരകനും ധാരണപത്രത്തിൽ ഒപ്പുവച്ചു.